നമ്പർ:- ICPS-1/21157/15 (1)

സാമൂഹ്യനീതി ഡയറക്ടറേറ്റ്(അനക്സ്)
SCPS, പൂജപ്പുര, തിരുവനന്തപുരം
തീയതി: 16.02.2016

# സർക്കുലർ

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ഐ.സി.പി.എസ്.- ചൈൽഡ് കെയർ സ്ഥാപനങ്ങൾ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ആക്ട് 2015 വകുപ്പ് 41 പ്രകാരം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച്

സൂചന :- 1. 2000 ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ടിലെ വകുപ്പ് 34 ഉപ വകുപ്പ് (3)

2. 2015 ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ടിലെ വകുപ്പ് 41

3. WP© No.14259 ഉം ബന്ധപ്പെട്ട മറ്റ് ചില കേസുകളിലുമായി ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച 06.07.2015 തീയതിയിലെ വിധിന്യായം

2000 ലെ ജുവനൈൽ ജസ്റ്റിസ് ആക്ട് 34-ാം വകുപ്പ് പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ പാർപ്പിക്കുന്ന സർക്കാരിന്റെയോ സന്നദ്ധ സംഘടയുടേയോ ആഭിമുഖ്യത്തിലുള്ള സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യണമെന്ന് അനുശാസിക്കുന്നുണ്ട്.

എന്നാൽ സർക്കാർ 11.02.2010 ലെ സ.ഉ.(കൈ) നം. 12/2010/സാ.ക്ഷേ.മ. ഉത്തരവ് പ്രകാരം, 1960 ലെ ഓർഫനേജ് ആക്ടിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും എന്നാൽ 2000 ലെ ബാലനീതി നിയമത്തിലെ 2 d ൽ പെടാത്തതുമായ കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനങ്ങൾ 2000 ലെ ബാലനീതി നിയമ പ്രകാരം വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതില്ലെന്ന് വ്യക്തമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ ഓർഫനേജുകൾ അടക്കമുള്ള ചൈൽഡ്കെയർ സ്ഥാപനങ്ങൾ തങ്ങളുടെ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. മാത്രമല്ല സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് ബഹു.ഹൈക്കോടതിയിൽ കേസുകൾ ഫയൽ ചെയ്യുകയും ചെയ്തു.

ബഹു.ഹൈക്കോടതി WP© No.14259 of 2014, 14604 of 2014, 23875 of 2014 എന്നീ റിട്ട് പെറ്റീഷനുകൾ സംബന്ധിച്ച വിധിന്യായപ്രകാരം സർക്കാർ 11.02.2010 ൽ പുറപ്പെടുവിച്ച ഉത്തരവിന് നിലനിൽപ്പില്ലായെന്നും 1960 ലെ ഓർഫനേജ് ആക്ടിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഓർഫനേജുകളും സ്ഥാപനങ്ങളും 18 വയസ്സിൽ താഴെയുള്ള കുട്ടികളുടെ ക്ഷേമത്തിനുള്ളവയാണെങ്കിൽ അവ 2000 ലെ നിയമപ്രകാരം രജിസ്ട്രേഷൻ എടുത്തിരിക്കണമെന്നും വ്യക്തമായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2000 ലെ ജുവനൈൽ ജസ്റ്റിസ് ആക്ട് റദ്ദാക്കിക്കൊണ്ട് 2015 ലെ ജുവനൈൽ ജസ്റ്റിസ് ആക്ട് 41-ാം വകുപ്പ് പ്രകാരം, സംസ്ഥാന സർക്കാരിന്റെയോ സന്നദ്ധ സംഘടനകളുടേയോ സർക്കാർ ഇതര സംഘടനകളുടെയോ ആഭുമുഖ്യത്തിൽ, ഭാഗികമായോ പൂർണ്ണമായോ, ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനങ്ങൾ, അവയ്ക്ക് സർക്കാരിൽ നിന്നും ഗ്രാന്റ് കിട്ടുന്നുണ്ടോ ഇല്ലയോ എന്ന് കണക്കിലെടുക്കാതെ, പ്രസ്തുത നിയമം നിലവിൽ വന്ന

തീയതി മുതൽ, അതായത് 2016 ജനുവരി 15 മുതൽ ആറ് മാസത്തിനകം രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണെന്ന് അനുശാസിക്കുന്നു. 2000 ലെ ജെ.ജെ. ആക്ട് പ്രകാരം സാധുവായ രജിസ്ട്രേഷൻ എടുത്തിട്ടുള്ള സ്ഥാപനങ്ങൾ 2015 ലെ ആക്ട് പ്രകാരം രജിസ്ട്രഷൻ എടുത്തിട്ടുള്ളതായി കണക്കാക്കുന്നതാണ്. ഈ വ്യവസ്ഥ ലംഘിക്കുന്ന സ്ഥാപനത്തിന്റെ ചുമതലയുള്ള യാതൊരാൾക്കും ഒരു വർഷം വരെയുള്ള തടവോ ഒരു ലക്ഷം രൂപയിൽ കുറയാത്ത ഫൈനോ രണ്ടും കൂടിയോ ശിക്ഷ ലഭിക്കാവുന്നതാണ്. കൂടാതെ രജിസ്ട്രേഷന് അപേക്ഷിക്കുവാൻ താമസിക്കുന്ന ഓരോ 30 ദിവസവും പ്രത്യേക കുറ്റമായി പരിഗണിക്കുന്നതുമാണ്.

ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർക്കാരിന്റെയോ, സർക്കാരിതര, സന്നദ്ധ സംഘടനകളുടെയോ ആഭിമുഖ്യത്തിലുള്ള, പൂർണ്ണമായോ ഭാഗികമായോ ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനങ്ങളും, അവ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയോ അല്ലാതെയോ പ്രവർത്തിക്കുന്നതാണെങ്കിൽ കൂടി മേൽ സൂചന രണ്ട് പ്രകാരം 2016 ജനുവരി 15 മുതൽ ആറ് മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

സ്ഥാപനമേധാവികൾ 2014 ലെ ജുവനൈൽ ജസ്റ്റിസ് (കെയർ & ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ചട്ടങ്ങളിലെ ചട്ടം 86 പ്രകാരം, ഫാറം നം. XL ൽ തയ്യാറാക്കിയ അപേക്ഷകൾ അനുബന്ധ രേഖകളോടൊപ്പം അതാതു ജില്ലയിലെ ജില്ലാ ശിശുസംരക്ഷണ ഓഫീസർക്കു സമർപ്പിയ്ക്കേണ്ടതാണ്. ജില്ലാ ശിശുസംരക്ഷണ ഓഫീസർ അപേക്ഷകൾ സ്വീകരിച്ചുകൊണ്ട് അപേക്ഷകർക്ക് കൈപ്പറ്റു രസീത് നൽകുന്നതാണ്.

ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർ ലഭ്യമായ അപേക്ഷകളുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾ സന്ദർശിച്ച് പരിശോധന നടത്തി, അപേക്ഷ ലഭിച്ച തീയതി മുതൽ പത്ത് ദിവസത്തിനകം വ്യക്തമായ ശുപാർശയോടെ പരിശോധന റിപ്പോർട്ട് ഈ ഓഫീസിൽ അയച്ചുതരേണ്ടതാണ്. ഇതിൽ ഒരു തരത്തിലുമുള്ള വീഴ്ചയും വരുത്തുവാൻ പാടുള്ളതല്ല. വീഴ്ച വരുത്തുന്നവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(ഒപ്പ്)

**സാമൂഹ്യനീതി ഡയറക്ടർ**

To

1. ബന്ധപ്പെട്ട സ്ഥാപനാധികൃതർക്ക്
2. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
3. എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
4. മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്
5. ചിൽഡ്രൻസ്/ ഒബ്സർവേഷൻ ഹോം/സ്പെഷ്യൽ ഹോം സൂപ്രണ്ട്മാർക്കും

പകർപ്പ്:

1. ICPS 2 സെക്ഷൻ
2. ICPS 3 സെക്ഷൻ
3. ICPS 4 സെക്ഷൻ
4. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,

പ്രോഗ്രാം മാനേജർ, SCPS